**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3271** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഉച്ചഭക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് 2022-2023 സാമ്പത്തിക വർഷത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഒരോ ജില്ലയ്ക്കും അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കാമോ; | (എ) | ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി 2022 – 23 സാമ്പത്തിക വർഷം 567.64 കോടി രൂപയാണ് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഓരോ ജില്ലയ്ക്കും ഇതു വരെ അനുവദിച്ചിട്ടുള്ള തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| **ക്രമ നം** | **ജില്ല** | **ജില്ലകൾക്ക് അനുവദിച്ച തുക (രൂപ)** |
|---|---|---|
| 1 | തിരുവനന്തപുരം | 327789996 |
| 2 | കൊല്ലം | 268195828 |
| 3 | പത്തനംതിട്ട | 126007667 |
| 4 | ആലപ്പുഴ | 206488542 |
| 5 | കോട്ടയം | 203851852 |
| 6 | ഇടുക്കി | 127930963 |
| 7 | എറണാകുളം | 285595942 |
| 8 | തൃശ്ശൂർ | 334231400 |
| 9 | പാലക്കാട് | 373558031 |
| 10 | മലപ്പുറം | 760143918 |
| 11 | കോഴിക്കോട് | 443642522 |
| 12 | വയനാട് | 119412337 |
| 13 | കണ്ണൂർ | 392639830 |
| 14 | കാസർഗോഡ് | 209550856 |
| | **ആകെ** | **4179039684** |

| | | | |
|---|---|---|---|
| (ബി) | ഉച്ചഭക്ഷണത്തിനായി അനുവദിച്ച തുക കുട്ടികളിലെ പോഷകാഹാര കുറവ് പരിഹരിക്കുന്നതിന് പര്യാപ്തമാണോ; | (ബി) | ഉച്ചഭക്ഷണ പദ്ധതിയിൻ കീഴിൽ സപ്ലിമെന്ററി ന്യൂട്രിഷനായി സ്കൂൾ കുട്ടികൾക്ക് അനുവദിച്ച് വരുന്ന പാൽ, മുട്ട/നേന്ത്രപ്പഴം എന്നിവയ്ക്കാവശ്യമായി വരുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യവും മെറ്റീരിയൽ കോസ്റ്റ് (പാചക |

| | | | |
|---|---|---|---|
| | | | ചെലവ്) ഇനത്തിൽ കാലാനുസൃതമായി വർദ്ധനവ് നടപ്പിലാക്കുന്ന കാര്യവും സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | നിലവിൽ അനുവദിച്ച തുക വിനിയോഗിച്ച് ഉച്ചഭക്ഷണത്തിന് എന്തൊക്കെ വിഭവങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ? | (സി) | ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികൾക്ക് പ്രതിദിനം ചോറും രണ്ട് കറികളും നൽകി വരുന്നു. ഇതിനുപുറമേ സപ്ലിമെന്ററി ന്യൂട്രീഷന്റെ ഭാഗമായി കുട്ടികൾക്ക് ആഴ്ചയിൽ ഒരു മുട്ടയും (മുട്ട കഴിക്കാത്ത കുട്ടിക്ക് ഒരു നേന്ത്രപഴവും) പാലും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ